2008, ഖുത്വ്ബ നമ്പര്‍- 7

15.2.2008
ബയ്ത്തുല്‍ ഫുത്വൂഹ്, ലണ്ടന്‍

# ഫലം കൊണ്ടുനിറഞ്ഞ വൃക്ഷമായിത്തീരേണ്ട വിത്താണ് അഞ്ചുനേരനമസ്കാരം

أُتْلُ مَآ أُوْحِيَ إِلَيْكَ مِنَ الْكِتٰبِ وَأَقِمِ الصَّلٰوةَ إِنَّ
الصَّلٰوةَ تَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ وَلَذِكْرُ اللّٰهِ
أَكْبَرُ وَاللّٰهُ يَعْلَمُ مَا تَصْنَعُونَ ﴿٤٦﴾

**14**-ാം നൂറ്റാണ്ടില്‍ നബി(സ) തിരുമേനിയുടെ സത്യസന്ധനായ ഒരു പ്രേമി വെളിപ്പെടുമായിരുന്നുവെന്നത് ഓരോ അഹ്മദിക്കും അറിയുന്ന കാര്യമാണ്. ദീര്‍ഘമായ ഒരു അന്ധകാരകാലഘട്ടത്തിനുശേഷം ആ മഹാത്മാവ് നബി(സ) തിരുമേനി കൊണ്ടുവന്ന അധ്യാപനത്തെ ലോകത്ത് പുനഃസ്ഥാപിക്കണമായിരുന്നു. ആ സത്യസന്ധനായ പ്രേമിയും മസീഹ് മഹ്ദിയും വെളിപ്പെട്ടു. ആ മസീഹ് മഹ്ദിയ്ക്ക് ബയ്അത്ത് ചെയ്ത് ആ മഹാത്മാവിന്റെ ജമാഅത്തില്‍ പ്രവേശിക്കാന്‍ ഭാഗ്യം കിട്ടിയവരാണ് നമ്മള്‍. എന്നാല്‍, ഏതൊരുദ്ദേശ്യത്തിനായി ആ മഹാത്മാവ് നിയോഗിതനായിരുന്നുവോ, ആ ഉദ്ദേശ്യം കേവലം നമ്മുടെ ബയ്അത്തുകൊണ്ട് പൂര്‍ത്തിയാകുമോ? അതല്ല, ഈ ബയ്അത്ത് നമ്മെ വല്ല ചുമതലകളും ഏല്പിക്കുന്നുണ്ടോ? നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യോട് ചേര്‍ന്നവരും, ആ മഹാത്മാവിന്റെ ബയ്അത്ത് വൃത്തത്തില്‍ വന്നവരും ആ ധന്യാത്മാവിന്റെ സമുദായമായിത്തീര്‍ന്നവരും നിറവേറ്റിയിരുന്ന ചുമതലകള്‍ നമ്മെ ഏല്പിക്കുന്നുണ്ടോ? തീര്‍ച്ചയായും ഇതിനുള്ള ഓരോ അഹ്മദിയുടേയും മറുപടി, ഈ മസീഹ് മഹ്ദിക്ക് ബയ്അത്ത് ചെയ്യുന്നവരിലും, ആ ധന്യാത്മാവിന്റെ ജമാഅത്തില്‍ പ്രവേശിക്കുന്നവരിലും നബി(സ)യുടെ കാലഘട്ടത്തിലുണ്ടായിരുന്നവരില്‍ അര്‍പ്പിക്കപ്പെടുകയും നല്ലവണ്ണം അവര്‍ നിറവേറ്റുകയും ചെയ്ത ആ ചുമതലകള്‍, തങ്ങളിലും അര്‍പ്പിക്കപ്പെട്ടിരിക്കുന്നുവെന്നുതന്നെയായിരിക്കും. അവര്‍ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങള്‍ കേള്‍ക്കുകയും തങ്ങളെ ശുദ്ധീകരിക്കുകയും ചെയ്തു. ശുദ്ധീകരണം നടന്നപ്പോള്‍ അത് അവരെ ദൈവപ്രബുദ്ധരായ സ്ഥാനക്കാരാക്കിത്തീര്‍ത്തു. അവര്‍ പിന്നീട് ലക്ഷക്കണക്കിന്നാളുകളെ ശുദ്ധീകരിച്ചു. നമുക്ക് ഇത്തരം ചിന്തയില്ലെങ്കില്‍, നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനവും ജോലിയും മനസ്സിലാക്കുന്നവരല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "*വ ആഖരീന മിന്‍ഹും ലമ്മാ യല്‍ഹഖൂബിഹിം*, അതായത് നബികരീം(സ) തന്റെ ഉമ്മത്തിലെ അവസാനം വരുന്ന സംഘക്കാര്‍ക്ക് തന്റെ അന്തസ്ഥിതമായ ദയാദൃഷ്ടികള്‍ മുഖേന തന്റെ സ്വഹാബാക്കള്‍ക്ക് ശുദ്ധീകരണം നടത്തിയതുപോലെ, ശുദ്ധീകരണം നടത്തുന്നതാണ്." ഈ അന്തസ്ഥിതമായ ദയാദൃഷ്ടികള്‍, ഒരു ജമാഅത്ത് സ്ഥാപിക്കേണ്ടിയിരുന്ന ആ സത്യസന്ധനായ പ്രേമിയും ആ മസീഹ് മഹ്ദിയും മുഖേന വെളിപ്പെടേണ്ടിയിരുന്നു. ആ മഹാത്മാവ് ഈ അവസാനം വെളിപ്പെട്ട ജമാഅത്തിനെ ആദ്യം വന്ന ജമാഅത്തുമായി കൂട്ടിച്ചേര്‍ക്കണമായിരുന്നു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തില്‍, ലക്ഷക്കണക്കിന് ആളുകളുടെ ശുദ്ധീകരണം നടന്നു. ഈ ശുദ്ധീകരിക്കപ്പെട്ടവര്‍ മുന്നോട്ട് ജമാഅത്തുകളെ വികസിപ്പിച്ചു. അങ്ങനെ അവരുടെ ജമാഅത്ത് വളര്‍ന്നുകൊണ്ടേയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട്, ജമാഅത്തിന് അഭിവൃദ്ധി നല്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. അവന്‍ വാഗ്ദാനം പാലിക്കുന്നവനാണ്. അവന്റെ വാഗ്ദാനം പൂര്‍ത്തിയായതായി നാം ഭൂതകാലത്തും കണ്ടു. വര്‍ത്തമാനകാലത്തും കണ്ടുകൊണ്ടിരിക്കുന്നു. ഭാവിയിലും ഇന്‍ശാഅല്ലാഹ് കാണുന്നതാണ്. എന്നാല്‍, തന്റെ വാഗ്ദാനം പൂര്‍ത്തിയാകുന്നതിന്റെ പ്രതീകമായിത്തീരുന്നത് തങ്ങളുടെ ശുദ്ധീകരണത്തിലേക്ക് ശ്രദ്ധിക്കുമ്പോഴാണെന്ന കാര്യവും ഓരോ ജമാഅത്തംഗവും എപ്പോഴും ഓര്‍ക്കേണ്ടതാണ്. ഭാര്യാമക്കളുടെ മേല്‍നോട്ടക്കാരനെന്ന നിലയിലും സ്വന്തം നിലയിലും അവരുടെയും തന്റെയും ശുദ്ധീകരണത്തിലേക്ക് ശ്രദ്ധിക്കേണ്ടത് ഓരോ അഹ്മദിയുടേയും ചുമതലയാണ്. ***ആഖരീന മിന്‍ഹും ലമ്മായല്‍ഹഖൂബിഹിം*** എന്ന വാക്യത്തില്‍ എന്തിന് ബഹുവചനപദം ഉപയോഗിച്ചിരിക്കുന്നു എന്നതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വരുന്നയാള്‍ ഒരാളായിരിക്കുകയില്ലെന്നും മറിച്ച്, അതൊരു ജമാഅത്തായിത്തീരുമെന്നും വെളിപ്പെടുത്താനാണ് ഇവിടെ ബഹുവചനപദം ഉപയോഗിച്ചിട്ടുള്ളത്. അവരില്‍ അല്ലാഹു സത്യസന്ധമായ വിശ്വാസമുണ്ടാക്കും. അവര്‍ സ്വഹാബാക്കളുടെ വിശ്വാസത്തിന്റെ നിറവും മണവും പ്രാപിക്കുന്നതാണ്."

ഈ നിലവാരമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേരുന്നവർക്ക് ഉണ്ടായിരിക്കണമെന്ന് അല്ലാഹു പറഞ്ഞിട്ടുള്ളത്. അതാണ് ആ ധന്യാത്മാവ് വിശദീകരിച്ചത്. ഇത് കരസ്ഥമാക്കുന്നതിനും നി ലനിറുത്തുന്നതിനുമായി, സ്വന്തം ഉള്ളിൽ നിലനിറുത്തുക മാത്രമല്ല മറിച്ച് തന്റെ ഭാര്യാമക്കളിലും ചുറ്റുവട്ടത്തുള്ളവരിലും നിലനിറുത്തുന്നതിനും ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. ഇത് കരസ്ഥമാക്കുന്നതിന് വിശുദ്ധ ഖുർആൻ നമുക്ക് പറഞ്ഞുതന്ന രീതി അവലംബമാക്കേണ്ടതായി വരും. ഇത് മനസ്സിലാക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് പഠിപ്പിച്ചുതന്ന അടിസ്ഥാന കാര്യങ്ങൾ പഠിക്കേണ്ടതായി വരും. മനശുദ്ധീകരണത്തിനും തിന്മയിൽനിന്ന് രക്ഷപ്പെടുന്നതിനും നമസ്കാരം ഒരു വലിയ മാർഗ്ഗമാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ഞാനോതിയ വചനത്തിൽ അവൻ പറയുന്നു: "***ഉത്ലു മാ ഊഹിയ ഇലയ്ക്ക മിനൽ കിത്താബി***" നിനക്ക് ദിവ്യസന്ദേശം മുഖേന നല്കപ്പെട്ട ഈ ഗ്രന്ഥത്തിൽനിന്ന് ഓതുക, ഓതിക്കേൾപ്പിക്കുക. ***വ അഖിമിസ്സ്വലാത്ത്*** നമസ്കാരം നിലനിറുത്തുക. ***ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ശായി വൽ മുൻകർ*** തീർച്ചയായും നമസ്കാരം നീചകൃത്യങ്ങളേയും നിഷിദ്ധകർമ്മങ്ങളേയും തടയുന്നതാണ്. ***വല ദിക്റുല്ലാഹി അക്ബർ*** അല്ലാഹുവിന്റെ സ്മരണ തീർച്ചയായും അതിമഹത്തരമാകുന്നു. ***വല്ലാഹു യഅ്ലമു മാ തസ്നഊൻ*** നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നുമുണ്ട് (29:46).

ഇവിടെ ഓതാൻ കല്പിക്കുന്നതിനോടും ഈ സന്ദേശം എത്തിക്കാൻ കല്പിക്കുന്നതിനോടുമൊപ്പം ***അഖിമിസ്സ്വലാത്ത്*** നമസ്കാരം നിലനിറുത്താനും പറഞ്ഞിരിക്കുന്നു. കാരണം നമസ്കാരം നിലനിറുത്തുകയും എല്ലാ നിർബന്ധ നിബന്ധനയോടുംകൂടി അതനുഷ്ഠിക്കുകയും സത്യസന്ധമായി അത് നിലനിറുത്തുകയും ചെയ്യുക എന്നത് ആത്മശുദ്ധീകരണത്തിനുള്ള മാർഗ്ഗമായിത്തീരും. ശുദ്ധീകരണത്തിനുള്ള അധ്യാപനംകൊണ്ട് നിർഭരമായ വിശുദ്ധഖുർആൻ അനുസരിച്ച് പ്രവർത്തിക്കാനുള്ള തൗഫീഖ് അല്ലാഹുവിന്റെ സഹായത്താലാണ് ലഭിക്കുന്നത്. സത്യസന്ധമായ നിലയിൽ മനുഷ്യൻ അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അതിന്റെ ഫലമായി തിന്മകളിൽനിന്ന് രക്ഷപ്പെട്ട് ഒരു സത്യവിശ്വാസി അവന്റെ കല്പനകൾക്ക് വിധേയനായി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ സ്മരണകൊണ്ട് നാവിനെ ആർദ്രമാക്കിവയ്ക്കാനും അവൻ ശ്രദ്ധിക്കുന്നതാണ്. അങ്ങനെയുള്ള വ്യക്തി തീർച്ചയായും തന്റെ ആത്മാവിനെ ശുദ്ധീകരിക്കുന്നവനായിരിക്കും.

അതിനാൽ, നമസ്കാരമനുഷ്ഠിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടത് ഓരോ അഹ്മദിയുടേയും അടിസ്ഥാനപരമായ ചുമതലയാണ്. പക്ഷേ, എങ്ങനെ? ഒന്നോ രണ്ടോ നേരത്തെ നമസ്കാരമാണോ? അല്ല. അഞ്ചുനേരത്തെ നമസ്കാരം. അഞ്ചുനേരം നമസ്കരിക്കുന്നില്ലെങ്കിൽ അതിന്റെ അർത്ഥം ആരാധനയുടെ ദീർഘമായ യാത്ര ഇനിയും തരണം ചെയ്യേണ്ടിയിരിക്കുന്നുവെന്നാണ്. ആദ്യം വന്ന കൂട്ടരുമായിച്ചേരുന്നതിന് കഠിനാധ്വാനം ആവശ്യമുണ്ടെന്നാണ്. അഞ്ചുനേരത്തെ നിർബന്ധനമസ്കാരം അടിസ്ഥാനശിലയാണ്. അവിടെനിന്നാണ് മുകളിലേക്കുള്ള സ്ഥാനം കരസ്ഥമാക്കാനുള്ള യാത്ര ആരംഭിക്കേണ്ടത്. ഫലം കൊണ്ടു നിറഞ്ഞ വൃക്ഷമായിത്തീരേണ്ട നന്മയുടെ വിത്താണ് അഞ്ചുനേരത്തെ നമസ്കാരം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"നിങ്ങൾ അഞ്ചുനേരത്തെ നമസ്കാരവും സൽസ്വഭാവവും കൊണ്ട് തിരിച്ചറിയപ്പെടുന്നതാണ്. ആരിലാണോ തിന്മയുടെ വിത്തുള്ളത് അവന് ഈ ഉപദേശമനുസരിച്ച് നില്ക്കാൻ സാധിക്കുകയില്ല." അതിനാൽ, ഈ വിത്തിനെ ഒരു കാലാവസ്ഥയ്ക്കും നശിപ്പിക്കാൻ കഴിയാത്തവിധം നമുക്ക് നമ്മുടെ മനസ്സുകളിൽ വളരെ സൂക്ഷിച്ച് നടുകയും അതിനെ പരിപാലിച്ച് വളർത്തുകയും ചെയ്യേണ്ടതായി വരും. ഈ നമസ്കാരത്തെ കാത്തുസൂക്ഷിക്കുന്നില്ലെങ്കിൽ ഏതുപോലെ കളകൾ യഥാർത്ഥ ചെടിയെ അമർത്തി നശിപ്പിക്കുന്നുവോ അതുപോലെ ഈ തിന്മകളും നമ്മളിലെ നന്മകളെ അമർത്തി നശിപ്പിക്കുന്നതാണ്. അതുകൊണ്ട് നമ്മുടെ ജോലി നമസ്കാരത്തെ ശക്തമായ വേരിൽ നിലനിറുത്തുക എന്നതാണ്. എങ്കിലേ, തണലേകുന്നതും ഫലം നല്കുന്നതുമായ വൃക്ഷമായി, എല്ലാ തിന്മകളിൽനിന്നും നമ്മെ അത് കാത്തുരക്ഷിക്കുകയുള്ളൂ. അതുകൊണ്ട് ഒന്നാമതായി നമസ്കാരം നിലനിറുത്തുന്നതിനുള്ള ശ്രമം ഉണ്ടാകണം. അപ്പോൾ നമസ്കാരം നമ്മെ നന്മയിൽ നിലനിറുത്തുന്നതായി തീരും. ഈ രീതിയിലാണ് ഒരു അഹ്മദി തിരിച്ചറിയപ്പെടുന്നതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. അതിനാൽ, ഓരോ അഹ്മദിയും ആത്മപരിശോധന നടത്തുക. സ്വന്തം വീടിന്റെ അവസ്ഥയും പരിശോധിക്കുക; ഈ 'തിരിച്ചറിയൽ' നമ്മളിൽനിന്നുണ്ടാകാൻ വേണ്ടി നാം പരിശ്രമിക്കുന്നുണ്ടോ? നമ്മൾ ഈ രീതിയിലാണോ തിരിച്ചറിയപ്പെടുന്നത്? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം പൂർത്തിയാക്കുന്നവരാണോ നാം? ഇത് നാം പരിശോധിക്കുമ്പോൾ, ഈ പരിശോധന തീർച്ചയായും നമ്മുടെ ശുദ്ധീകരണത്തിന്റെ നിലവാരത്തെ മെച്ചപ്പെടുത്തുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിന്റെ

പ്രാധാന്യത്തെ വിവരിച്ചുകൊണ്ട് വീണ്ടും പറയുന്നു: "നമസ്കരിക്കുന്നതുകൊണ്ട് സാത്താനികമായ ബലഹീനതകൾ അകലുന്നു. അങ്ങനെയുള്ള ഒരു പുണ്യകർമ്മമാണ് നമസ്കാരം. ഇതിന്റെ പേരാണ് പ്രാർത്ഥന. ശയ്ത്വാൻ ആഗ്രഹിക്കുന്നത് മനുഷ്യൻ നമസ്കാരത്തിൽ ദുർബലനായിരിക്കണമെന്നാണ്. കാരണം നന്നാകാനുള്ള എല്ലാ പ്രവർത്തിയും നിങ്ങൾ ചെയ്യുന്നത് ഇതുമുഖേനയായിരിക്കുമെന്ന് അവനറിയാം. അതിനായി പരിശുദ്ധവും പവിത്രവുമായിരിക്കേണ്ടത് നിബന്ധനയാണ്. മാലിന്യങ്ങൾ മനുഷ്യനിൽ നിലനില്ക്കുവോളം ശയ്ത്വാൻ അവനെ പ്രേമിച്ചുകൊണ്ടേയിരിക്കും." വീണ്ടും പറയുന്നു: "നിങ്ങളുടെ മനസ്സുകളിൽ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റേയും അവന്റെ മഹത്വത്തിന്റേയും പരമ്പര തുടർന്നുകൊണ്ടേപോകുക. ഇതിനായി നമസ്കാരം പോലെ ഗുണം ചെയ്യുന്ന മറ്റൊരു പ്രവർത്തിയുമില്ല. കാരണം നോമ്പ് വരുന്നത് ഒരു വർഷത്തിനുശേഷമാണ്. സക്കാത്ത്, കഴിവുള്ളവനാണ് കൊടുക്കേണ്ടത്. എന്നാൽ, ഓരോ നിലയിലുള്ള മനുഷ്യനും അഞ്ചുനേരവും അനുഷ്ഠിക്കേണ്ടിവരുന്ന കർമ്മമാണ് നമസ്കാരം. അതിനെ ഒരിക്കലും നഷ്ടപ്പെടുത്തിക്കളയരുത്. അത് ആവർത്തിച്ചാവർത്തിച്ച് അനുഷ്ഠിക്കുക; താൻ ഇച്ഛിക്കുകയാണെങ്കിൽ ഉടനെ സ്വീകരിക്കാൻ കഴിവുള്ള സർവ്വശക്തിമാന്റെ മുമ്പിലാണ് നില്ക്കുന്നതെന്ന ബോധത്തോടെ നമസ്കരിക്കുക. അവൻ തൃപ്തിപ്പെട്ടാൽ അതേ അവസ്ഥയിൽ, അതേ നിമിഷത്തിൽ എന്നല്ല, അതേ സെക്കന്റിൽ നിങ്ങൾ ചോദിച്ചത് നിങ്ങൾക്ക് നല്കുന്നതാണ്. ഭൗതികഭരണാധികാരികൾ ഖജനാവുകളെ ആശ്രയിക്കുന്നവരാണ്. ഖജനാവ് കാലിയായിപ്പോകുമോ എന്ന ചിന്ത അവർക്കുണ്ടാകും, ദാരിദ്ര്യത്തിന്റെ ഭയവും അവരെ അലട്ടുന്നുണ്ടാകും. എന്നാൽ, അല്ലാഹുവിന്റെ ഖജനാവ് സദാ നിറഞ്ഞിരിക്കുകയാണ്. അവന്റെ മുമ്പിൽ നില്ക്കുമ്പോൾ ദൃഢവിശ്വാസത്തോടെ നില്ക്കണമെന്നേയുള്ളൂ. അതായത്, കേൾക്കുന്നവനും എല്ലാം അറിയുന്നവനും വിവരമുള്ളവനും സർവ്വശക്തനുമായവന്റെ മുമ്പിലാണ് നില്ക്കുന്നതെന്ന ബോധമുണ്ടാകണമെന്നേയുള്ളൂ. വേദന തിങ്ങുന്ന മനസ്സോടെ പ്രാർത്ഥിക്കേണ്ടതാണ്. നിരാശയോടും ദുർഭാവനയോടും കൂടി പ്രാർത്ഥിക്കാൻ പാടില്ല. സങ്കടത്തോടെ പ്രാർത്ഥിച്ചാൽ സൗഖ്യം എത്രയും വേഗം കണ്ടെത്തുന്നതാണ്. അല്ലാഹുവിന്റെ മറ്റനുഗ്രഹങ്ങളും കൂടെയുണ്ടാകും. എന്നല്ല അല്ലാഹുവിനെത്തന്നെ കിട്ടുന്നതാണ്. ഈ നടപടി നാം സ്വായത്തമാക്കണം. എന്നാൽ, അക്രമിയുടെയും ആജ്ഞാലംഘകന്റെയും പ്രാർത്ഥന സ്വീകരിക്കപ്പെടുകയില്ല. കാരണം അവൻ അല്ലാഹുവിനെ ഗൗനിക്കുന്നവനല്ല. അതുകൊണ്ട് അല്ലാഹു അവനേയും ഗൗനിക്കുന്നില്ല. മകൻ പിതാവിനെ അവഗണിച്ചാൽ പിതാവ് മകനെ പരിഗണിക്കുകയില്ല. ഇങ്ങനെ വരുമ്പോൾ അല്ലാഹു എന്തിന് അത്തരക്കാരെ പരിഗണിക്കണം."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ശയ്ത്വാനെതിരിൽ യുദ്ധം ചെയ്യുന്നതിന് ഏതൊരു ആയുധമാണോ ഇന്ന് വേണ്ടത് അത് നമസ്കാരമാണ്. ഈ ആയുധം സത്യവിശ്വാസികളിൽനിന്ന് തട്ടിപ്പറിച്ചെടുക്കാൻ ശയ്ത്വാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കും. നല്ലൊരു പടയാളി തന്റെ ആയുധത്തിൽ തൊടാൻ പോലും ശത്രുവിനെ ഒരിക്കലും അനുവദിക്കുകയില്ല. യഥാർത്ഥ സത്യവിശ്വാസി ഒരിക്കലും തന്റെ ഈ ആയുധം സംരക്ഷിക്കുന്നതിൽ അശ്രദ്ധനാവുകയുമില്ല. തിന്മയിലേക്ക് ചാഞ്ഞുകൊണ്ടിരിക്കുക എന്നത് മനുഷ്യന്റെ പ്രകൃതിയാണ്. അതുകൊണ്ട് ഇതിന്റെ സംരക്ഷണവും നമ്മളിൽനിന്ന് പതിവായിട്ടുള്ള ഒരു കർമ്മം ആഗ്രഹിക്കുന്നുണ്ട്. സ്ഥിരമായ സംരക്ഷണത്തിനും പതിവായിട്ട് കർമ്മം ചെയ്യുന്നതിനും വേണ്ടി അല്ലാഹു കല്പിച്ചിട്ടുള്ളതാണ് നമസ്കാരത്തെ കാത്തുസൂക്ഷിക്കുക എന്നത്. അവൻ പറഞ്ഞു: ***ഹാഫിളൂ അലസ്സ്വലവാത്തി വസ്സ്വലാത്തിൽവുസ്ത്വാ വ ഖാമൂ ലില്ലാഹി ഖാനിത്തീൻ*** നിങ്ങളുടെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കുക; പ്രത്യേകിച്ച് മധ്യമനമസ്കാരത്തെ. അല്ലാഹുവിന്റെ മുമ്പിൽ അനുസരണമുള്ളവരായി നിങ്ങൾ നില്ക്കുക" (2:239).

അടിസ്ഥാനപരമായ കാര്യമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അതായത് നമസ്കാരത്തെ കാത്തുസൂക്ഷിക്കുക, പ്രത്യേകിച്ച് മധ്യമനമസ്കാരത്തെ ശ്രദ്ധിക്കുക. വിവിധ വ്യാഖ്യാതാക്കൾ മധ്യമനമസ്കാരത്തെക്കുറിച്ച് തങ്ങളുടെ താൽപര്യപ്രകാരം വ്യാഖ്യാനമെഴുതിയിട്ടുണ്ട്. അല്ലെങ്കിൽ അവരുടെ അറിവനുസരിച്ച്. ചിലർ തഹജ്ജുദ് നമസ്കാരമാണെന്നും ചിലർ സുബ്ഹി നമസ്കാരമാണെന്നും ചിലർ ളുഹ്ർ നമസ്കാരമാണെന്നും ചിലർ അസ്ർ നമസ്കാരമാണെന്നും പറഞ്ഞിട്ടുണ്ട്. പക്ഷേ, എന്തായാലും ഇവിടെ അടിസ്ഥാനപരമായൊരു നിർദ്ദേശമാണ് നല്കിയിരിക്കുന്നത്. അതായത്, സ്വലാത്തുൽവുസ്താ‌യെ കാത്തുസൂക്ഷിക്കുക. ഓരോരുത്തരുടേയും അവസ്ഥയ്ക്കനുസരിച്ച് നോക്കുമ്പോൾ ഭൗതികജോലിയിൽ മുഴുകിയിരിക്കുമ്പോഴോ മടിപിടിച്ചിരിക്കുമ്പോഴോ വരുന്ന നമസ്കാരമാണ് മധ്യമനമസ്കാരം. അപ്പോൾ അവന്റെ ശ്രദ്ധയെ നമസ്കാരത്തിനു പകരം മറ്റുള്ള കാര്യത്തിലേക്ക് ശയ്ത്വാൻ കൊണ്ടുപോകുന്നു. ആ സമയത്ത് നാം ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുകയും നമ്മുടെമേൽ ആധിപത്യം

സ്ഥാപിക്കാൻ അവനെ അനുവദിക്കാതിരിക്കുകയും ചെയ്താൽ, നമ്മൾ നമസ്കാരത്തെ കാത്തുസൂക്ഷിക്കുന്നവരായി എന്ന് മനസ്സിലാക്കിക്കൊള്ളുക. ഈയവസ്ഥയുണ്ടായാൽ മുമ്പേ പറഞ്ഞതുപോലെ പിന്നീട് നമസ്കാരം നമ്മെ കാത്തുസൂക്ഷിക്കുന്നതാണ്. നിർബന്ധ നമസ്കാരങ്ങളെ സുന്നത്തുകൾ സംരക്ഷിക്കുന്നതാണ്. സുന്നത്തുകളെ നഫ്ലുകൾ സംരക്ഷിക്കുന്നതാണ്. ഇങ്ങനെയാണ് ഒരു സത്യവിശ്വാസി തിരിച്ചറിയപ്പെടുന്നത്. ഈ അവസ്ഥയുണ്ടാകുമ്പോൾ അത്തരക്കാരുടെ അയലത്തുപോലും ശയ്ത്വാൻ നില്ക്കുകയില്ല. നമസ്കാരം സ്ഥിരമായൊരു കർമ്മമാണ്. അതുതന്നെയാണ് യഥാർത്ഥമായ അനുസരണത്തിന്റെ അവസ്ഥയും. ഇതേ അവസ്ഥതന്നെയാണ് ബയ്അത്ത് ചെയ്തതിനുശേഷം പരിശുദ്ധമായ മാറ്റമുണ്ടാക്കുന്നതും. അതിനാൽ നമസ്കാരത്തെ സംരക്ഷിക്കേണ്ടത് ഓരോ അഹ്മദി മുസൽമാനും നിർബ്ബന്ധമാണ്. കാരണം പഴകിയ രോഗം ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനുവേണ്ടി മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേരുന്നുവെന്ന് ഉടമ്പടി ചെയ്താണ് ഒരാൾ അഹ്മദിയാകുന്നത്. ഈ ഉടമ്പടിയിൽ ശക്തമായി നിലകൊള്ളുന്നതിനും അനുസരണത്തിന്റെ തികവുറ്റ മാതൃക കാണിക്കുന്നതിനും അത് ശക്തിപ്പെടുന്ന വഴിയിലൂടെ നടക്കേണ്ടതായും വരും. ഇതുമുഖേന ശയ്ത്വാനുമായി യുദ്ധം ചെയ്യാനുള്ള ശക്തി ലഭിക്കുകയും നന്മയിൽ മുന്നോട്ട് ഗമിക്കാനുള്ള വഴികൾ കാണുമാറാകുകയും ഈമാനിന്റെ വേരുകൾ ശക്തിപ്പെടുകയും ആകാശത്തിന്റെ അനന്തതകളിൽ സൽവൃക്ഷത്തിന്റെ ശാഖകൾ കണ്ടുകൊണ്ട് തന്റെ പ്രാർത്ഥന അർശുവരെ എത്തുന്നത് സത്യവിശ്വാസി കാണുകയും ചെയ്യുന്നു. അതുമുഖേന നന്മയുടെ നിലവാരം ഉയരുന്നു. ദുആ സ്വീകാര്യത ദൃശ്യമാകുന്നതും സത്യവിശ്വാസി കാണുന്നു. ഈ നില കരസ്ഥമാക്കുന്നതിനുവേണ്ടി ഒരാഗ്രഹവും ഉത്സാഹവും ഓരോ അഹ്മദിയും അവരുടെ മനസ്സിൽ വെച്ചുപുലർത്തുമ്പോൾ നമസ്കാരത്തിന്റെ നില മെച്ചപ്പെടുത്താനും ഒരാവേശം ഉണ്ടാക്കേണ്ടതായി വരും.

നിർബ്ബന്ധിതാവസ്ഥയുടെ പേരിൽ ചില നമസ്കാരങ്ങൾ ജംആക്കി നമസ്കരിക്കാറുണ്ട്. നിർബ്ബന്ധിതാവസ്ഥയാണെങ്കിൽ അത് അനുവദനീയമാണ്. എന്നാൽ, യാതൊരു കാരണവും കൂടാതെ നമസ്കാരങ്ങൾ ജംആക്കി അനുഷ്ഠിക്കുന്ന ശീലമുള്ളവരുണ്ട്. അല്ലാഹുതആല ഓരോ നമസ്കാരത്തിനും ഓരോ സമയം നിശ്ചയിച്ചിരിക്കുന്നു. ദിവസം അഞ്ചുനേരത്തെ നമസ്കാരം അവൻ നിശ്ചയിച്ചുതന്നിരിക്കുന്നു. അല്ലാഹു പറയുന്നു ***അഖിമിസ്സ്വലാത്ത ലിദുലൂക്കിശ്ശംസി ഇലാ ഗസഖില്ലയ്ലി വഖുർആനൽ ഫജ്രി. ഇന്ന ഖുർആനൽ ഫജ്രി കാനമശ്ഹൂദാ.***

സൂര്യൻ മധ്യാഹ്നത്തിൽനിന്ന് തെറ്റുന്ന സമയം മുതൽ രാത്രി ഇരുട്ടാകുന്നതുവരെ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക. പ്രഭാതവേളയിലെ ഖുർആൻ പാരായണത്തിനും പ്രാധാന്യം നല്കുക. തീർച്ചയായും പ്രഭാതവേളയിലെ ഖുർആൻ പാരായണം സ്വീകരിക്കപ്പെടുന്നതാണ് (17:80). ഇതിൽ നമസ്കാരത്തിന്റെ വിവിധ നേരങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുകയാണ്. ളുഹ്ർ നമസ്കാരം മുതൽ അത് ആരംഭിക്കുന്നു. സുബ്ഹി നമസ്കാരം വരെയുള്ള സമയങ്ങൾ പറഞ്ഞുതന്നിരിക്കുന്നു. ആരാധനയ്ക്ക് അഞ്ചുനേരം വെച്ചതിലുള്ള യുക്തി എന്താണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് സംബന്ധമായി വിശദീകരിച്ചുകൊണ്ട് പറയുന്നു:

“അല്ലാഹു തന്റെ പ്രകൃതിനിയമത്തിൽ വിപത്തുകളെ അഞ്ചുതരത്തിലായി വീതിച്ചിരിക്കുന്നു. അതായത്, ഭയപ്പെടുത്തുന്ന വിപത്തുകളുടെ സൂചനകൾ, പിന്നീട് വിപത്തുകളുടെ നടുവിൽ കാല്വയ്ക്കൽ, അതിനുശേഷം നിരാശയുണ്ടാകുന്ന അവസ്ഥ. അത് കഴിഞ്ഞ് അന്ധകാര കാലഘട്ടം. അവസാനം ദൈവകാരുണ്യത്തിന്റെ പ്രഭാതം. ഈ അഞ്ചുനേരമാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ഇതിനുള്ള അഞ്ച് മാതൃകയാണ് അഞ്ച് നമസ്കാരങ്ങൾ. നമസ്കാരത്തിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള ഈ അഞ്ചുനേരം ബലാൽക്കാരപൂർവ്വമായിട്ടോ ശാസനയായിട്ടോ അല്ല വെച്ചിട്ടുള്ളതെന്ന് ഓർക്കുക. ചിന്തിച്ചുനോക്കുകയാണെങ്കിൽ അത് ആത്മീയാവസ്ഥയുടെ ഒരു ഛായാചിത്രമാണെന്ന് കാണാം. ***അഖിമിസ്സ്വലാത്താ ലിദുലൂക്കി ശ്ശംസി*** എന്ന് അല്ലാഹു പറഞ്ഞതുപോലെ. അതായത് സൂര്യൻ മധ്യാഹ്നത്തിൽനിന്ന് തെറ്റുന്ന സമയം മുതൽ നിങ്ങൾ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക. നോക്കുക, ഇവിടെ നമസ്കാരം അനുഷ്ഠിക്കുന്നതിന് അല്ലാഹു സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെറ്റുന്ന സമയം മുതൽ എടുത്തുപറഞ്ഞിരിക്കുന്നു. ‘ദുലൂക്ക്’ എന്ന പദത്തിന്റെ അർത്ഥത്തിൽ അഭിപ്രായ ഭിന്നതയുണ്ടെന്നുള്ളത് ശരിതന്നെ. പക്ഷേ, സൂര്യൻ മധ്യാഹ്നത്തിൽനിന്ന് തെറ്റുന്ന സമയമാണ് ‘ദുലൂക്ക്’ എന്നതിൽ അഭിപ്രായഭിന്നതയില്ല. ഇപ്പോൾ ദുലൂക്കിൽ തുടങ്ങി അഞ്ചുനേര നമസ്കാരം നിശ്ചയിച്ചിരിക്കുകയാണ്. എന്താണ് ഇതിലുള്ള യുക്തിയും രഹസ്യവും? ആത്മീയമായ അധഃപതനത്തിന്റെയും എളിമയുടെയും നിലകളും ‘ദുലൂക്ക്’ മുതലാണ് തുടങ്ങുന്നതെന്ന് പ്രകൃതി നിയമം കാണിച്ചുതരുന്നു. അതിന് അഞ്ച് അവസ്ഥങ്ങൾ വന്നുഭവിക്കുന്നു. ദുഃഖത്തിന്റെയും സങ്കടത്തിന്റെയും വേദനയുടെയും സമയത്തിന്റെ സൂചനകൾ തുടങ്ങുന്നതോടുകൂടിത്തന്നെ ഈ സ്വാഭാവികമായ

നമസ്കാരങ്ങളുടെ സമയവും ആരംഭിക്കുന്നു. മനുഷ്യ നുമേൽ എന്തെങ്കിലും അപകടമോ വിപത്തോ ഉണ്ടാകുമ്പോൾ എത്രമാത്രം അവൻ വിനയവും വണക്കവും കാണിക്കുന്നു. ഭൂകമ്പമുണ്ടായാൽ നിങ്ങളിലത് എത്ര മാത്രം വിനയവും വണക്കവുമാണുണ്ടാക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. ഇപ്രകാരംതന്നെ നിങ്ങൾ ചിന്തിച്ചുനോക്കുക. ഉദാഹരണത്തിന്, ആർക്കെങ്കിലുമെതിരിൽ ഒരുകേസ്സുണ്ടായാൽ സമൻസോ വാറണ്ടോ വന്നാൽ, ഇന്ന സമയത്ത് അടിപിടിയോ മറ്റോ തന്നിൽനിന്നുണ്ടായത് അവനോർമ്മവരുന്നു. വാറണ്ട് വായിച്ചതിനുശേഷം അവന്റെ അവസ്ഥയിൽ, മധ്യാഹ്നത്തിനുശേഷം അധഃപതനമുണ്ടാകാൻ തുടങ്ങുന്നു. കാരണം സമൻസോ വാറണ്ടോ വരുന്നതുവരെ അവൻ അതിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. ഇപ്പോൾ അവന് വക്കീലിനെ കിട്ടുമോ, ഇല്ലേ? എന്നുള്ള ചിന്തയുണ്ടാകുന്നു. ഈ ചിന്തയും വിചാരവും കൊണ്ടുണ്ടാകുന്ന അധോഗതി, സൂര്യൻ മധ്യാഹ്നത്തിൽനിന്ന് തെറ്റുമ്പോഴുണ്ടാകുന്ന അവസ്ഥയോട് സാമ്യമാണ്. അത് ളുഹ്ർ നമസ്കാരത്തിന്റെ സ്ഥാനത്താണ് വരുന്നത്. അതിന്റെ ഛായാപരമായ അവസ്ഥ ളുഹ്ർ നമസ്കാരമാണ്. അവനുണ്ടാകുന്ന രണ്ടാമത്തെ അവസ്ഥ കോടതിമുറിയിൽ നില്ക്കുമ്പോൾ എതിർകക്ഷിയിൽനിന്നും കോടതിയിൽനിന്നും വിചാരണ നേരിടുന്ന അവസ്ഥയാണ്. അതൊരു വല്ലാത്ത അവസ്ഥയായിരിക്കും. ഈ അവസ്ഥ അല്ലെങ്കിൽ ഈ നേരം അസ്ർ നമസ്കാരത്തിന് സമാനമാണ്. കാരണം ഞെക്കുന്നതിനും പിഴിയുന്നതിനുമാണ് അസ്ർ എന്നു പറയുന്നത്. വീണ്ടും അവസ്ഥ മോശമാകുകയും കുറ്റപത്രം സമർപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ നിരാശയും ദുഃഖവും വർദ്ധിക്കുന്നു. കാരണം ശിക്ഷ കിട്ടുമെന്ന് അപ്പോൾ ഉറപ്പായി. ഇത് മഗ്‌രിബ് നേരത്തിന്റെ ചിത്രമാണ്. പിന്നീട് കല്പന കേൾപ്പിക്കുകയും കോൺസ്റ്റബിളിന്റെയോ കോടതി ഇൻസ്പെക്ടറുടെയോ കസ്റ്റഡിയിൽ വിടുകയും ചെയ്യുമ്പോൾ ആത്മീയമായനിലയിൽ അത് ഇശാഅ് നമസ്കാരത്തിന്റെ ഛായാചിത്രമാണ്. ആ അവസ്ഥ സുബ്ഹി നമസ്കാരത്തിന്റെ സൂര്യൻ വെളിപ്പെടുന്നതുവരെ തുടരുന്നതാണ്. ***ഇന്നമഅൽ ഉസ്‌രി യുസ്‌റാ*** (തീർച്ചയായും പ്രയാസത്തോടുകൂടി ആശ്വാസം ലഭിക്കുന്നതാണ്) എന്ന അവസ്ഥകൾ സംഭവിച്ചു. അങ്ങനെ ആത്മീയ നമസ്കാരത്തിനുള്ള സുബ്ഹിയുടെ സമയമായി. സുബ്ഹി നമസ്കാരം അതിന്റെ ഛായാചിത്രമാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉദ്ധരണിയിൽ മനുഷ്യന്റെ ഭൗതികമായ അവസ്ഥ മുന്നിൽവച്ചുകൊണ്ട് ഉദാഹരണത്തിലൂടെ ആ മഹാത്മാവ് കാര്യങ്ങൾ നമുക്ക് മനസ്സിലാക്കിത്തരികയാണ്.

ദുലൂക്കിന് വിവിധ അർത്ഥങ്ങളുണ്ട്. പ്രത്യേകിച്ചും മൂന്നർത്ഥങ്ങൾ നിഘണ്ടുവിൽനിന്ന് ലഭിക്കുന്നുണ്ട്. ചില നിഘണ്ടു ഗ്രന്ഥങ്ങൾ ഈ മൂന്നർത്ഥങ്ങളും അംഗീകരിക്കുന്നുമുണ്ട്. ഇതിന്റെ ഒരർത്ഥം സൂര്യൻ മധ്യാഹ്നത്തിൽനിന്ന് തെറ്റുക എന്നാണ്. സൂര്യന് മഞ്ഞനിറം വീഴാൻ തുടങ്ങുന്ന നേരത്തിനും ദുലൂക്ക് എന്നു പറയും. മൂന്നാമത്തെ അർത്ഥം സൂര്യാസ്തമയം എന്നുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് മുന്നിൽവച്ചുകൊണ്ടാണ് പറഞ്ഞത് ദുലൂക്ക് അതായത്, സൂര്യന്റെ നിഴൽ വർദ്ധിക്കുന്നതിനനുസരിച്ച് നമസ്കാരത്തിന്റെ സമയം നിശ്ചയിച്ചിരിക്കുന്നുവെന്ന്. ഇതിൽ എന്താണ് യുക്തി? എന്ത് കാരണത്താലാണ് ഇങ്ങനെ വെച്ചിട്ടുള്ളത്? ഒന്നാമതായി പറഞ്ഞത് ഭൗതികമായ ജീവിതത്തിലെ ഉദാഹരണത്തിലൂടെ നോക്കിക്കാണുകയാണെങ്കിൽ ഒരു മനുഷ്യനുമേൽ നാശം വരുമ്പോൾ അവന് എത്രമാത്രം ബുദ്ധിമുട്ടും വണക്കവുമായിരിക്കും ഉണ്ടാകുക. ആർക്കെങ്കിലും എതിരിൽ കേസ്സുണ്ടായാൽ അവനെ നിരവധി ചിന്തകൾ അലട്ടാൻ തുടങ്ങുന്നു. വക്കീലിനെ കാണണമെന്നുള്ള ചിന്തയുണ്ടാകുന്നു. വക്കീലിനെ കിട്ടുമോ എന്ന ആശങ്കയുണ്ടാകുന്നു. കിട്ടുകയാണെങ്കിൽത്തന്നെ അയാൾ എങ്ങനെയുള്ള ആളായിരിക്കും. ഈ കേസ് ശരിയായ നിലയിൽ വാദിക്കാൻ അയാൾക്ക് കഴിയുമോ? അതിന്റെ അന്തിമവിധി എങ്ങനെയായിരിക്കും എന്നൊക്കെ ഓർത്ത് ഒരു വല്ലാത്ത അവസ്ഥയിലായിരിക്കും അയാൾ ഉണ്ടാകുന്നത്. വളരെ നിരാശാവസ്ഥ അവനെ വേട്ടയാടുന്നു. അസ്വസ്ഥനായിക്കൊണ്ട് ആ അവസ്ഥയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നു. കൈകാലിട്ടടിക്കുന്നു. എങ്ങനെയെങ്കിലും അതിന് പരിഹാരം കാണുന്നതിനുതന്നെ. സൂര്യന്റെ നിറം മങ്ങിത്തുടങ്ങുന്നതോടൊപ്പം ഈ ഭൗതികമായ ഉദാഹരണത്തിന് സമാനമായി ളുഹ്റിന്റെ നമസ്കാരമാണ് നിശ്ചയിച്ചിട്ടുള്ളത്. അതിൽ തന്റെ ആത്മീയാവസ്ഥയിൽ ചിന്തിച്ചുകൊണ്ട് മനുഷ്യൻ അല്ലാഹുവിന് മുന്നിൽ കുനിയേണ്ടതാണ്. അവനിൽനിന്ന് സഹായം തേടേണ്ടതാണ്.

പിന്നീട് ഭൗതികമായ കേസ്സുകളിൽ വാറണ്ട് വന്നതിനുശേഷം അവന് കോടതിമുറിയിൽ നില്ക്കേണ്ടതായി വരുന്നു. കോടതിക്ക് മുമ്പിൽ അവനെ നിറുത്തുന്നു. അവിടെ ന്യായാധിപൻ അവന്റെ കേസ് കേൾക്കുന്നു. അവനെ വിചാരണ ചെയ്യുന്നു. അവന്റെ മനസ്സിന് മുറിവുണ്ടാകുന്നു. തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനായി അവൻ ശ്രമിക്കുന്നു. അല്ലെങ്കിൽ മാപ്പ് ചോദിക്കുന്നു. അസ്റിന്റെ നമസ്കാരത്തിന് സമാനമായ അവ

സ്ഥയാണിത്. അപ്പോൾ അല്ലാഹുവിനെ സ്മരിക്കുക. അല്ലാഹു തന്നെ തെറ്റുകളിൽനിന്നും വീഴ്ചകളിൽനിന്നും രക്ഷപ്പെടുത്തുന്നതിനും മാപ്പാക്കുന്നതിനും വേണ്ടി അവൻ ദുആ ചെയ്യുന്നു. വൈകുന്നേരം വരെയുണ്ടായിട്ടുള്ള തെറ്റുകളെല്ലാം മാപ്പാക്കുന്നതിനും ആത്മീയാവസ്ഥ നിലനിറുത്തുന്നതിനും വേണ്ടി പ്രാർത്ഥിക്കുന്നു.

പിന്നീട് ഉദാഹരണം പറഞ്ഞത് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതുമായിട്ടാണ്. കോടതി അവന്നെതിരിൽ വിധി പുറപ്പെടുവിച്ചു. ആ നേരത്ത്, വിധി വന്ന സ്ഥിതിക്ക് ശിക്ഷ കിട്ടുമെന്നുറപ്പായി. അപ്പോൾ അസ്വസ്ഥതയും വ്യാകുലതയും കൂടുന്നു. മഗ്‌രിബ് നമസ്കാരം ഈ അവസ്ഥയ്ക്ക് സമാനമായി വെച്ചിരിക്കുന്നു. ഒരു സത്യവിശ്വാസി താൻ കഴിച്ചുകൂട്ടിയ പകലിലേക്ക് നോക്കുമ്പോൾ അതിൽ അവന് നന്മയൊന്നും കാണാൻ കഴിയുന്നില്ല. തന്റെ കർമ്മങ്ങൾ ശൂന്യമായിട്ടാണവൻ കാണുന്നത്. അപ്പോൾ അവൻ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നു. അവനിൽനിന്ന് പാപമോചനവും അഭയവും തേടുന്നു. ഇതാണ് മഗ്‌രിബ് നമസ്കാരം. പിന്നീട് കോടതി കുറ്റക്കാരനാണെന്ന് മുദ്രകുത്തിയാൽ പോലീസിനെ ഏല്പിക്കുന്നു. അതോടെ ശിക്ഷയും ആരംഭിക്കുന്നു. അതിന് സമാനമായിട്ടാണ് ഇശാഅ് നമസ്കാരം. രാത്രി ഇരുട്ടാണ്. അപ്പോൾ അവന് ഒന്നും കാണാൻ കഴിയുകയില്ല. കുറ്റവാളിയെ കൽത്തുറുങ്കിലടക്കുന്നു. ആ സമയത്ത് ഒരു സത്യവിശ്വാസിയുടെ മുന്നിൽ പകൽ ചെയ്ത കർമ്മം മുഴുവൻ കറങ്ങിക്കൊണ്ടിരിക്കേണ്ടതാണ്. അതായത് ഇശാഅ് നേരത്ത്. കൽത്തുറുങ്കിലടക്കപ്പെട്ട കുറ്റവാളി അസ്വസ്ഥനായി തന്റെ മോചനം ആവശ്യപ്പെടുന്നതുപോലെ സത്യവിശ്വാസി അല്ലാഹുവിനോട് പാപങ്ങളിൽ നിന്നും മോചനം തേടണം. തനിക്ക് നേരിട്ടിരിക്കുന്ന വിഷമം ദീർഘമാകാതിരിക്കാനും തന്നെ ശയ്ത്വാന്റെ മടിത്തട്ടിലേക്ക് എന്നെന്നേക്കുമായി എടുത്തെറിയാതിരിക്കാനും പ്രാർത്ഥിക്കണം. അവനപ്പോൾ അസ്വസ്ഥതയോടെ അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും വിലപിക്കുകയും ചെയ്യുന്നു. അല്ലാഹുവേ, ഈ ബാഹ്യമായ അന്ധകാരത്തെപ്പോലെ എന്റെ ആത്മീയജീവിതം എന്നെന്നേക്കും അന്ധകാരമയമായി തീരരുതേ. എന്നെ നിന്റെ അഭയത്തിലെടുത്താലും. എന്റെ ആത്മീയ ജീവിതത്തിനുമേൽ ഒരിക്കലും അധഃപതനമുണ്ടാകാതിരിക്കുകയും അന്ധകാരത്തിൽ വഴിതെറ്റി നടക്കാതിരിക്കുകയും ചെയ്യുന്നതിന് എന്റെമേൽ സൂര്യനെ എന്നെന്നും ഉദിപ്പിച്ചുനിറുത്തേണമേ. അതിനുവേണ്ടിയാണ് ഇശാഅ് നമസ്കാരം. അതിൽ അവൻ പ്രാർത്ഥിക്കുന്നു.

അവസാനം ഏതുപോലെ തടവുകാരൻ മോചിതനായി പുറംലോകം കണ്ട് സന്തോഷിക്കുന്നുവോ സത്യവിശ്വാസിം ഫജ്ർ നമസ്കാരം കണ്ട് സന്തോഷിക്കുന്നു. അവൻ പ്രാർത്ഥിക്കുന്നു: അല്ലാഹുവേ, ഈ ദിനം ഉദിച്ചുയർന്നതുപോലെ എന്റെ ആത്മീയജീവിതത്തിലും എപ്പോഴും ഇത്തരം ദിനം ഉദിച്ചുയർന്നുവരേണമേ. അന്ധകാരങ്ങൾ ഒരിക്കലും എന്നെ വഴിതെറ്റിക്കരുതേ. നമസ്കാരത്തിന്റെ അഞ്ചുനേരം, ഒരു സത്യവിശ്വാസിയുടെ മുമ്പിൽ ആത്മീയാവസ്ഥയുടെ പരിശോധനയ്ക്കുള്ള അവസരമൊരുക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ***ഇന്ന മഅൽ ഉസ്‌രി യുസ്റാ*** എന്നു പറയുകയുണ്ടായി. അതുകൊണ്ടുള്ള ഉദ്ദേശ്യം ഒരു സത്യവിശ്വാസിക്ക് സുബ്ഹി നമസ്കാരത്തിൽ അലസനാകാൻ പാടില്ല എന്നതാണ്. ഇത് കാര്യങ്ങൾ എളുപ്പമാക്കിത്തീർക്കുന്ന സമയമാണ്. ഇതിനെ പ്രയോജനപ്പെടുത്തേണ്ടതാണ്. നിങ്ങളുടെ കിടക്കകളെ നിങ്ങളുടെ വിശ്രമത്തിന്റെ സ്ഥലമായി മനസ്സിലാക്കരുത്. ഇങ്ങനെയുള്ള അവസ്ഥയാണ് ഒരു സത്യവിശ്വാസിയിൽ വിപ്ലവമുണ്ടാക്കുന്നതിന് കാരണമായിത്തീരുന്നത്. അതുകൊണ്ട് നമസ്കാരം ആത്മീയാവസ്ഥ നന്നാക്കിത്തീർക്കുന്നതിന് അടിസ്ഥാനപരമായ കാര്യമാണെന്നത് നാം ഒരിക്കലും മറക്കാൻ പാടില്ല. ഇതുകൂടാതെ മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യം പൂർത്തീകരിക്കപ്പെടുകയില്ല. അതുകൊണ്ട് ഓരോ അഹ്മദിയും അഞ്ചുനേര നമസ്കാരം കൃത്യസമയത്ത് അനുഷ്ഠിക്കാൻ ശ്രമിക്കേണ്ടതാണ്. പൂർണ്ണമായും അതിനായി ശ്രമിക്കണം. കാരണം നിശ്ചിതനേരത്ത് അതനുഷ്ഠിക്കേണ്ടതാണെന്ന് സത്യവിശ്വാസിയോട് അല്ലാഹു കല്പിച്ചിരിക്കുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. ***ഇന്നസ്സ്വലാത്ത കാനത്ത് അലൽ മുഅ്മിനീന കിതാബൻമ്മൗഖൂത്താ.*** നിശ്ചയമായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയനിർണ്ണയം ചെയ്യപ്പെട്ട ഒരു നിർബ്ബന്ധകൃത്യമാകുന്നു (4:104).

അല്ലാഹുതആല ഈ പ്രധാനപ്പെട്ട കല്പന ജീവിതത്തിൽ പാലിക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നബി(സ)ന്റെ ഏതൊരു പ്രവൃത്തി തുടരുന്നതിനു വേണ്ടിയാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നിട്ടുള്ളത് അത് പൂർത്തീകരിക്കുന്നതിന് ആ മഹാത്മാവിനെ സഹായിക്കുന്നവരായിത്തീരാൻ അല്ലാഹു നമുക്ക് ഭാഗ്യം നല്കുമാറാകട്ടെ. നാം നമ്മെ ശുദ്ധീകരിക്കാത്തിടത്തോളം ആ മഹാത്മാവിനെ സഹായിക്കുന്നവരായിത്തീരുകയില്ല. നാം നമ്മുടെ നമസ്കാരത്തെ കാത്തുസൂക്ഷിക്കുന്നവരും കൃത്യസമയത്ത് അതനുഷ്ഠിക്കുന്നവരും ആകാത്തിടത്തോളം ശുദ്ധീകരണം നടക്കുകയില്ല. അല്ലാഹു നമുക്ക് ഇതിന് തൗഫീഖ്

നല്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ വേദനയോടെ ഉപദേശിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: "നമസ്കാരം അല്ലാഹുവിന്റെ അവകാശമാണ്. അത് നല്ലവണ്ണം അനുഷ്ഠിക്കുക. അല്ലാഹുവിന്റെ ശത്രുക്കളോട് ഓരം ചേർന്ന് ജീവിക്കരുത്. നമസ്കാരം ഒരിക്കലും ഉപേക്ഷിക്കരുത്. നമസ്കാരം അനാവശ്യമാണെന്ന് പറയുന്നവൻ അവിശ്വാസിയും കപടവിശ്വാസിയുമാണ്. അത്തരക്കാരൻ നമസ്കാരം അശുഭമാണെന്ന് പറയുന്നു. നമസ്കാരം ആരംഭിച്ചതോടെ അവന് ഇന്നയിന്ന നഷ്ടമുണ്ടായതായി പറയുന്നു. നമസ്കാരം ഒരിക്കലും അല്ലാഹുവിന്റെ കോപം ഉണ്ടാകാനുള്ള വഴിയല്ല. നമസ്കാരം അശുഭകരമാണെന്ന് പറയുന്നവന്റെയുള്ളിൽ വിഷമാണ്; രോഗിക്ക് മധുരം കയ്പായിട്ട് തോന്നിക്കുന്നതുപോലെ അവന് നമസ്കാരം കയ്പായിട്ട് അനുഭവപ്പെടുന്നു. വാസ്തവത്തിൽ നമസ്കാരം മതത്തെ നന്നാക്കിത്തീർക്കുന്നു. സ്വഭാവങ്ങളെ നന്നാക്കിത്തീർക്കുന്നു. ലോകത്തെ നന്നാക്കിത്തീർക്കുന്നു. നമസ്കാരത്തിലുണ്ടാകുന്ന നിർവൃതി ലോകത്തുള്ള എല്ലാ നിർവൃതികൾക്കും അതീതമാണ്. ശാരീരികമായ ആസ്വാദനത്തിനായി ആയിരക്കണക്കിന് ചെലവുകളുണ്ടാകുന്നു. അതിന്റെ ഫലമാണെങ്കിലോ രോഗവും. ഇത് സൗജന്യമായി ലഭിക്കുന്ന സ്വർഗ്ഗമാണ്; അത് ലഭിക്കുന്നവന്. വിശുദ്ധഖുർആനിൽ രണ്ട് സ്വർഗ്ഗത്തെക്കുറിച്ച് പറയുന്നുണ്ട്. ഒന്ന് ദുൻയാവിലെ സ്വർഗ്ഗമാണ്. അത് നമസ്കാരത്തിലുണ്ടാകുന്ന നിർവൃതിയാണ്. നമസ്കാരം അനാവശ്യമായ ടാക്സല്ല. മറിച്ച്, ദാസത്വത്തിന് പരിപാലനത്വവുമായിട്ടുള്ള അനശ്വരമായ ഒരു ആകർഷണബന്ധമാണ്. ഈ ബന്ധം നിലനിറുത്തുന്നതിനായി അല്ലാഹു നമസ്കാരം കല്പിച്ചിരിക്കുന്നു."

അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ബന്ധം എന്നെന്നും നിലനിറുത്തുന്നതിനായിട്ടാണ് നമസ്കാരം വെച്ചിട്ടുള്ളത്. "അതിലൊരു നിർവൃതി വെച്ചിരിക്കുന്നു. അതുമുഖേനയാണ് ഈ ബന്ധം നിലകൊള്ളുന്നത്. ഏതുപോലെയെന്നാൽ, യുവാവും യുവതിയും വിവാഹം കഴിക്കുന്നു. അവരുടെ കൂടിച്ചേരലിൽ ഒരു നിർവൃതിയുണ്ടാകുന്നില്ലെങ്കിൽ കുഴപ്പങ്ങളുണ്ടാകും. അതുപോലെ നമസ്കാരത്തിൽ നിർവൃതിയുണ്ടാകുന്നില്ലെങ്കിൽ ആ ബന്ധവും മുറിഞ്ഞുപോകുന്നു. ആ ബന്ധം നിലനില്ക്കാനും നിർവൃതിയുണ്ടാകാനും കതകടച്ചിരുന്ന് പ്രാർത്ഥിക്കേണ്ടതാണ്. ദാസത്വത്തിന് പരിപാലനത്വവുമായിട്ടുള്ള ബന്ധം വളരെ അഗാധവും പ്രകാശങ്ങൾകൊണ്ട് നിറഞ്ഞതുമാണ്. അത് വിവരണാതീതമാണ്. അതില്ലെങ്കിൽ മനുഷ്യൻ മൃഗമാണ്." അതായത്, ദാസനും രക്ഷിതാവും തമ്മിൽ ബന്ധമില്ലെങ്കിൽ മനുഷ്യനും മൃഗവും തമ്മിൽ വ്യത്യാസമൊന്നുമില്ല.

മറ്റൊന്ന് വേദനാജനകമായ ഒരു വാർത്തയാണ്. അതിനെക്കുറിച്ച് ഓരോരുത്തരുടെയും മനസ്സിലുണ്ട്. അത് നമ്മുടെ മനസ്സിനെ വിഷമിപ്പിക്കുന്നതാണ്. മിക്കവരും കേൾക്കുകയോ പത്രങ്ങളിൽ വായിക്കുകയോ ചെയ്തിട്ടുണ്ടാകും. ഡന്മാർക്കിലെ പത്രം വീണ്ടും അക്രമപരമായ ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നു. തങ്ങളുടെ മനസ്സിലുള്ള മാലിന്യവും പകയും വിദ്വേഷവും ഇതിലൂടെ അവർ വെളിപ്പെടുത്തിയിരിക്കുകയാണ്. ഒരു കാർട്ടൂണിസ്റ്റിനെ കൊല്ലാൻ തുനിഞ്ഞ മൂന്നുപേരെ പോലീസുകാർ അറസ്റ്റ് ചെയ്തതുകൊണ്ടാണ് ഇങ്ങനെ ചെയ്തതെന്നാണ് അവരുടെ ന്യായം. നബി(സ)യെ കുറിയാക്കിക്കൊണ്ട് വല്ലാത്തരീതിയിലുള്ള ഒരു കാർട്ടൂൺ അയാൾ വരച്ചിരുന്നു. ഈ ആരോപണം ശരിയാണെങ്കിൽ പോലീസ് കുറ്റവാളികളെ പിടിക്കുകയും നിയമപരമായി ശിക്ഷിക്കുകയും ചെയ്ത സ്ഥിതിക്ക് മറ്റുള്ള മുസ്ലിംകളുടെ മനസ്സ് വിഷമിപ്പിക്കാൻ ഇവർക്കെന്തധികാരമാണുള്ളത്? തങ്ങൾ നീതിയുടെ വലിയ ധ്വജവാഹകരാണെന്ന് ഇവർ വാദിക്കുന്നു. ഇതാണോ നീതി; ഒരാൾ തെറ്റു ചെയ്യുക, വേറൊരാളെ ശിക്ഷിക്കുക? ഇതാണ് ഇവരുടെ നീതിയെങ്കിൽ നീതിമാനും വിധികർത്താക്കളിൽ ഉത്തമനായ വിധികർത്താവുമായ ഒരുവൻ ആകാശത്തിരിപ്പുണ്ട്. അവൻ ഈ പ്രപഞ്ചത്തിന്റെ ഉടമസ്ഥനാണ്. അവൻ തന്റെ നീതി നടപ്പാക്കും. അവൻ അജയ്യനാണ്. പകരം ചോദിക്കുന്നവനുമാണ്. ഒരു കുറ്റം ആവർത്തിച്ചാവർത്തിച്ച് ചെയ്തുകൊണ്ടിരുന്നാൽ അവരോട് അവൻ പകരം ചോദിക്കുകതന്നെ ചെയ്യും. ഇത് പൊതുവായിട്ടുള്ള നിയമമായി അല്ലാഹു പറഞ്ഞിരിക്കുന്നു.

ഇത്തരം തെറ്റായ കാര്യങ്ങൾ ചെയ്യുന്നവർക്ക് അവൻ മതിയായവനാണ്. എങ്ങനെ അവരെ പിടിക്കണമെന്ന് അവന് നന്നായിട്ടറിയാം. നമ്മുടെ ജോലി അവർക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നതായിരുന്നു. അത് നമ്മൾ ചെയ്തു. വളരെ നല്ലനിലയിൽതന്നെ ചെയ്തു. ലേഖനമെഴുതി. പത്രങ്ങളിൽ കത്തുകളെഴുതി. അവരെ നേരിൽകണ്ട് സംസാരിക്കുകയും ചെയ്തു. അവരുമായി യോഗവും നടന്നു. ഇനിയും ഇവർ പിന്മാറുന്നില്ലെങ്കിൽ നമ്മൾ കാര്യം അല്ലാഹുവിൽ ഭരമേല്പിക്കണം. നമ്മുടെ ജോലി അവന്റെ മുമ്പിൽ കുനിയുക എന്നതാണ്. ആദ്യത്തേക്കാൾ കൂടുതൽ ആ റസൂലിന്റെ പരിശുദ്ധമായ ജീവിതമാതൃക സ്ഥാപിക്കാനും നമ്മുടെ ജീവിതത്തിൽ നടപ്പിൽവരുത്താനും ശ്രമിക്കുക. അത് നമുക്ക് വേണ്ടി ആ മഹാത്മാവ് സ്ഥാപിച്ചിട്ടുള്ളതാണ്. നമുക്കൊരു രക്ഷകനുണ്ട്. ആ രക്ഷകനെ നമുക്ക് പരിചയപ്പെടുത്തിത്തന്നത് നബി(സ) തിരുമേനിയാണ്. ആ രക്ഷകന് ഏറ്റവും

പ്രിയങ്കരൻ ആ മഹാത്മാവാണ്. അവൻ സർവ്വശക്ത നാണ്. അവൻ സ്വയം അവന്റെ ശക്തിപ്രഭാവം കാണി ക്കും. ഇൻശാഅല്ലാഹ്. നമ്മുടെ ജോലി നമ്മുടെ ഹൃദ യത്തിനേറ്റിരിക്കുന്ന മുറിവ് അവന്റെ മുമ്പിൽ സമർപ്പി ക്കലാണ്. അവന്റെ മുമ്പിൽ വിലപിക്കലാണ്. അവന്റെ മുമ്പിൽ കുനിയലാണ്. പൂർവ്വാധികം നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലലാണ്. ഓരോ അഹ്മദിയുടെയും ഉത്തരവാദിത്തം ഇപ്പോൾ കൂടിയിരിക്കുന്നു. മുമ്പത്തേ ക്കാൾ കൂടുതലായി ഇക്കാര്യങ്ങളിലെല്ലാം നിലകൊ ള്ളേണ്ടതാണ്. പ്രാർത്ഥനയിൽ ശ്രദ്ധിക്കേണ്ടതാണ്. മന ശുദ്ധീകരണം വരുത്താൻ യത്നിക്കേണ്ടതാണ്. ഇക്കാര്യം തന്നെയായിരിക്കും ഇൻശാഅല്ലാഹ് ഇവ രുടെ പരാജയത്തിന്റെ മുഖം ഇവരെ കാണിക്കുന്നതും നമുക്ക് വിജയം നല്കുന്നതും.

നമ്മുടെ വികാരം പ്രകടിപ്പിക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ലിഖിതശകലം ഞാൻ സമർപ്പിക്കുകയാണ്. ആ മഹാത്മാവ് പറയുന്നു: "തങ്ങ ളുടെ നബികരീം(സ)ന്റെ അന്തസ്സിനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്ന ജനതയാണ് മുസ്ലിംകൾ. ആ മഹാ ത്മാവിനെ അപമാനിക്കുന്ന വ്യക്തികളോട് വിട്ടുവീഴ്ച ചെയ്തും അവരുടെ സുഹൃത്തായുംകൊണ്ട് ആ അപ മാനം സഹിക്കുന്നതിനേക്കാൾ നല്ലത് മരിക്കുന്നതാ ണെന്ന് അവർ മനസ്സിലാക്കുന്നു. ഇക്കൂട്ടരുടെ രാപക ലുള്ള പ്രവൃത്തി നമ്മുടെ റസൂൽ കരീം(സ)യെ ചീത്ത പ്പറയുകയും തങ്ങളുടെ ഗ്രന്ഥങ്ങളിലും മാസികകളിലും വിജ്ഞാപനങ്ങളിലും അങ്ങേയറ്റം നിന്ദ്യതയോടെ ആ മഹാത്മാവിന്റെ പേര് പ്രതിപാദിക്കുകയുമാണ്. ആ ധന്യാ ത്മാവിനെക്കുറിച്ച് വളരെ വൃത്തികെട്ട പദങ്ങളുപയോ ഗിക്കുന്നു. ഇത്തരക്കാർ ഇവരുടെ ജനതയുടെയും നന്മ ആഗ്രഹിക്കുന്നവരല്ല എന്നോർക്കുക. കാരണം ഇവരുടെ ജനതയുടെ വഴിയിൽ ഇവർ മുള്ളുകൾ വിത യ്ക്കുന്നു. ഞാൻ സത്യമായും സത്യമായും പറയുന്നു. മരുഭൂമിയിലെ പാമ്പുകളോടും വനങ്ങളിലെ ക്രൂരമൃഗ ങ്ങളോടും നമുക്ക് സന്ധി ചെയ്യാൻ കഴിയും. എന്നാൽ, അല്ലാഹുവിന്റെ പരിശുദ്ധരായ നബിമാരെ ചീത്തപറ യുകയും അതിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്യു ന്നവരോട് ഒരുവിധ സന്ധിയും ചെയ്യാൻ നമുക്ക് കഴി യുകയില്ല. ചീത്തവിളിക്കുന്നതിലും ദോഷം പറയുന്ന തിലുമാണ് വിജയമെന്ന് ഇവർ കരുതുന്നു. എന്നാൽ, എല്ലാ വിജയങ്ങളും ആകാശത്തുനിന്നാണ് വരുന്ന തെന്ന് ഓർക്കുക."

വീണ്ടും ആ മഹാത്മാവ് പറുന്നു: "നബി(സ)യെ ചീത്തപറഞ്ഞുകൊണ്ടും ആ മഹാത്മാവിനെ നിന്ദിച്ചു കൊണ്ടും എത്രമാത്രം ഗ്രന്ഥങ്ങളാണ് അച്ചടിച്ചു പ്രസി ദ്ധീകരിച്ചിട്ടുള്ളത്. അവ കേൾക്കുമ്പോൾ കിടുകിടെ വിറ ച്ചുപോകുന്നു. മനസ്സ് കരഞ്ഞുകരഞ്ഞുകൊണ്ട് ഇങ്ങനെ സാക്ഷി പറയുന്നു: ഇവർ നമ്മുടെ കുട്ടികളെ നമ്മുടെ കണ്മുമ്പിലിട്ട് കൊല്ലുകയും നമ്മുടെ രക്തബന്ധുക്കളെ കഷണം കഷണമാക്കുകയും നമ്മെ ക്രൂരമായി മർദ്ദി ക്കുകയും നമ്മുടെ സകല സമ്പത്തും കൊള്ളയടിക്കു കയും ചെയ്താൽപോലും അല്ലാഹുവാണ! അല്ലാഹു വാണ! നമ്മുടെ റസൂൽ(സ)യെ നിന്ദിക്കുകയും ചീത്ത പറയുകയും ചെയ്തതിൽ നമുക്കുണ്ടായിരിക്കുന്ന വിഷ മവും ദുഃഖവും ഒരിക്കലും അതിൽ നമുക്കുണ്ടാകുക യില്ല. അല്ലാഹുവേ, ഇവർ തങ്ങളുടെ ശക്തിയുടെ അഹ ങ്കാരത്തിൽ ഞങ്ങളുടെ മനസ്സ് വേദനിപ്പിച്ചുകൊണ്ടിരി ക്കുന്നു. നീ തന്നെ ഇവരെ ചികിത്സിക്കുക. കാരണം എല്ലാ ശക്തവാന്മാരേക്കാളും ശക്തൻ നീ തന്നെയാണ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 15.2.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala